Mr. A. Madhava Prabhu *(Diwan Peishkar):* I second it.

Motion put and carried

The House rose for lunch at 1-25 p.m. and re-assembled at 2-30 p.m. with the Hon'ble the Deputy President in the Chair

Resolution No. 4

Town Allowance to Government Servants

Mrs Thankamma N. Menon *(Women-Ernakulam):* Sir, before I move this resolution, with the consent of the Chair I wish to amend the resolution as follows. "This Council recommends to the Government that those Government Servants who are residing within the Municipal limits of Mattancheri, Ernakulam and Trichur and whose salary is Rs. 100 and below per mensem may be granted a special Town Allowance for the duration of the war".

മിസ്സർ പ്രസിഡണ്ട്, സർ, എന്റെ ഈ പ്രമേയത്തെപ്പറ്റി ദീർഘമായ ഒരു വിമർശനം ചെയ്യണമെന്നു് ഞാൻ ഉദ്ദേശിക്കുന്നില്ല. ഇന്നു് എറണാകുളം, തൃശ്ശിവപേരൂർ, മട്ടാഞ്ചേരി എന്നീ മൂന്നു പട്ടണങ്ങളിൽ താമസിക്കുന്നവരായ 1000 ക. യും അതിൽ താഴെയും ശമ്പളമുള്ള താഴ്ന്നതരം ഉദ്യോഗസ്ഥന്മാക്കു് ഒരു പ്രത്യേകരീതിയിലുള്ള ടൌൺ അലവൻസ്സു് കൊടുക്കേണ്ടതാണെന്നു് ഗവമ്മെണ്ടിനോടു ശുപാർശു് ചെയ്യുകയാണു് എന്റെ ഈ പ്രമേയംകൊണ്ടു് ഉദ്ദേശിക്കുന്നതു്. ഇന്നത്തെ യുദ്ധപരിതസ്ഥിതികാരണമുലം നാട്ടിൽ ഉല്പന്നങ്ങൾ മുതലായവക്കു് ക്രമാതീതമായ വിലവർദ്ധന ഹേതുവായി ജീവിതദുരിതമാണു് വളരെ വർദ്ധിച്ചിട്ടുണ്ടെന്നുള്ളതു് എല്ലാവക്കും അറിയാവുന്ന ഒരു സംഗതിയാണു്. നാട്ടിൻപുറങ്ങളിൽപോലും ഭീമമായ ഒരു തുക കൈവശമില്ലാതെ ജീവിതം നയിച്ചുകൊണ്ടുപോകുവാൻ വളരെ വിഷമമായി തീർന്നിട്ടുണ്ടു്. ഇങ്ങിനെയിരിക്കെ ഈ മൂന്നു പ്രധാന പട്ടണങ്ങളിൽ താമസിക്കുന്ന ഉദ്യോഗസ്ഥന്മാക്കു് ഇപ്പോൾ കൊടുത്തുവരുന്ന തുച്ഛമായ സംഖ്യ വാങ്ങിച്ചുകൊണ്ടു് അവക്കു ജീവിതം കഴിക്കുവാൻ ഏറ്റവും ഭയങ്കരമായ കഷ്ടപ്പാടു സഹിക്കേണ്ടിവരുന്നുണ്ടു്. ഈ പട്ടണങ്ങളിൽ താമസിക്കുവാനുള്ള സ്ഥലത്തിനു പണ്ടു് മൂന്നൊ, നാലൊ ഉറുപ്പിക കൊടുത്തിരുന്ന വീടുകൾക്കു് ഇപ്പോൾ ഇരുപതും, ഇരുപത്തിരണ്ടും ഉറുപ്പികവീതമാണു് സ്ഥലമുടമസ്ഥന്മാർ വാടക ആവശ്യപ്പെടുന്നതു്. എന്നാൽ ഇപ്രകാരം തുച്ഛമായിട്ടു കിട്ടുന്ന ശമ്പളത്തിൽനിന്നും ഭീമമായ ഒരു സംഖ്യ വാടകയ്ക്കുതന്നെ കൊടുക്കുവാൻ അവർ നിർബന്ധിതരായി തീരുന്നു. ബാക്കിയുള്ള സംഖ്യകൊണ്ടാണു് അവരുടേയും, അവരുടെ കുടുംബാംഗങ്ങളുടേയും ചിലവുകഴിച്ചുവരുന്നതു് ടൌൺ അലവൻസ്സു പല രാജ്യങ്ങളിലും കൊടുത്തുവരുന്ന ഒരു സംഗതിയാണു്. ഇതു് നമ്മുടെ നാട്ടിൽമാത്രംപുത്തരിയാണു്. ഇന്നത്തെ കാഷ്ടികോല്പന്നങ്ങളുടെ വിലവർദ്ധന നിമിത്തം കച്ചവടക്കാക്കും, കൃഷിക്കാക്കും മാത്രം ഗുണമുണ്ടെന്നല്ലാതെ ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിൽവളരെ കഷ്ടപ്പാടാണു്. വിലവർദ്ധന മൂലം പലഉദ്യോഗസ്ഥന്മാരും അവക്കു കിട്ടുന്ന ശമ്പളംകൊണ്ടു് സാമാന്യമായി ജീവിതം കഴിച്ചുകൂട്ടുവാൻ സാധിക്കാതെ കടം മേടിക്കുവാൻ നിർബ്ബന്ധിതരാവുകയും അതുനിമിത്തം ഇന്നു വലിയ കടക്കാരായി തീർന്നിട്ടുണ്ടെന്നുള്ള സംഗതി പ്രസ്താവയോഗ്യമാണു്. നമ്മുടെ ഇന്നത്തെ ബഹുമാനപ്പെട്ട ഗവമ്മെണ്ടു്, ഏതെങ്കിലും കായ്മമായ സംഗതികാര്യം ഈ നിയമസഭയിൽകൊണ്ടുവന്നാൽ അങ്ങിനെയുള്ള സംഗതികളിൽ വളരെ ശ്രദ്ധ ചെലുത്തുകയും അതിന്നുവേണ്ടത്തക്ക പരിഹാരം ചെയ്തുകയും ചെയ്തുവരുന്നുണ്ടു്. അതിന്നു് ഗവമ്മെണ്ടിനെ ഹാർദ്ദമായി അഭിനന്ദിച്ചുകൊള്ളുന്നു. ഏറ്റവും പ്രധാനപ്പെട്ടതായ ഈ സംഗതിയിൽ ഗവമ്മെണ്ടു് വേണ്ടതായ ശ്രദ്ധ ചെലുത്തി ചുരുങ്ങിയ ശമ്പളംവാങ്ങി കഷ്ടപ്പെടുന്നതായ ഉദ്യോഗസ്ഥന്മാരുടെ കഷ്ടതയ്ക്കുവേണ്ടുന്ന പരിഹാരമാർഗ്ഗംചെയ്തു കൊടുക്കേണമെന്നു് ഞാൻ ബഹുമാനപ്പെട്ടഗവമ്മെണ്ടിനോടു അഭ്യർത്ഥിച്ചുകൊള്ളുന്നു. എറ്റവും ഗൌരവമേറിയ ഈ പ്രമേയത്തെ ഐകകണ്ഠ്യേന പിൻതാങ്ങണമെന്നു എല്ലാഅനുദ്യോഗസ്ഥ സാമാജികന്മാരോടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ഇതിൽ എറണാകുളം, മട്ടാഞ്ചേരി തൃശ്ശിവപേരൂർ എന്നീ പട്ടണങ്ങളിലുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യം മാത്രമേയുള്ള. ചിറയ്ക്കൽ, വടക്കാഞ്ചേരി, ഇരിങ്ങാലക്കുട എന്നിങ്ങിനെയുള്ള പട്ടണങ്ങളേയുംകൂടി ഇതിൽ ഉൾപ്പെടുത്തുവാൻ വിരോധമുണ്ടോ?

Mr. Deputy President: Let somebody second the resolution.

Mr. M. Krishna Menon *(Trichur-North):* I beg to second the resolution.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ കെ. എസ്സ്. പണിക്കർ: സർ, ബഹുമാനപ്പെട്ട എറണാകുളം ലേഡിമെമ്പർ ഇവിടെ പറഞ്ഞിട്ടുള്ളതിൽ ഒട്ടുംതന്നെ അതിശയോക്തിയില്ല. ഉപനാട്ടുകളെസംബന്ധിച്ചും ഇതു് ബാധകമാക്കേണ്ടതു് അത്യാവശ്യമായിട്ടാണിരിക്കുന്നതു്. എന്നാൽ പട്ടണങ്ങളിൽ താമസിക്കുന്നവർക്കു വീടുകളുടെ കാര്യം വളരെ പ്രയാസമാണു്. അവർക്കു കിട്ടുന്ന ശമ്പളത്തിൽ നിന്നു പകുതിസംഖ്യ കൂലി കൊടുത്താൽമാത്രമെ ഒരുവിധം കഴിച്ചുകൂട്ടാവുന്ന വീടു കിട്ടുകയുള്ളു. ഒന്നുകിൽ പട്ടണങ്ങളിലുള്ള ഉദ്യോഗസ്ഥന്മാർക്കു Free Quarters കൊടുക്കുക. അതൊന്നും ഗവൺമെണ്ടു ചെയ്യുന്നില്ല. പട്ടണങ്ങളിൽ താമസിക്കുന്നവരുടെ ദുരിതം വളരെ അതിക്രമിച്ചിട്ടുണ്ടെന്നു് അനുഭവസ്ഥനെന്നനിലയിൽ എനിക്കു ധൈര്യമായി പറയുവാൻ കഴിയും. ഇരിങ്ങാലക്കുട, വടക്കാഞ്ചേരി, ചിറ്റൂർ, നെന്മാറ മുതലായ പട്ടണങ്ങളേയുംകുടി ഈ പ്രമേയത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തണമെന്ന അഭിപ്രായത്തോടുകൂടി ഞാൻ ഈ പ്രമേയത്തെ ശക്തിയായി പിൻതാങ്ങുന്നു.

Mr. P. Kumaran Ezhuthassan (*Vadakkancheri*): Can we know the Government position?

Mr. P. V. Raphael (*Comptroller of Finance and Acconut*): Sir, Government are seriously considering the question of giving some town allowance as derived in the resolution. They have taken up the question in right earnest. I may submit the House that the Government are also alive to the hard lot of their employees in some of these towns and they are therefore considering in what shape they can be given some more relief in the shape of extra emoluments. In the light of this explanation I submit there is no need to press the resolution.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: ഗവൺമെണ്ടിന്റെ ശ്രദ്ധയിൽ പെട്ടിട്ടുള്ള പട്ടണങ്ങളും എതെല്ലാമാണെന്നു പറയാമോ?

Mr. P. V. Raphael (*Comptroller of Finance and Accounts*): These are all details on which the Government have not come to any definite conclusion. What is to be the emoluments, which are the towns, these are all matters of detail which are now engaging the attention of the Government and I may submit that very serious attention is bestowed upon all these questions.

Mr. A. V. Moothedan (*Chalakkudi*): May I know the grade of officers to whom this is intended to be given?

Mr. P. V. Raphael (*Comptroller of Finance and Account*): Government have not come to any conclusion about that so far. But they are giving their anxious consideration to this question.

Mr. V. K. Bhaskara Menon (*Cranganur*): For how many years are you going to give consideration to this question?

Mr. K. S. Panicker (*Ezhuvas-Mukandapuram*): We want to know whether the Government will come to a conclusion at an early date.

Mr. P. V. Raphael (*Comptroller of Finance and Accounts*): That is what we are trying to do.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: സർ, ബഹുമാനപ്പെട്ട ഗവൺമെണ്ടിൽനിന്നു ഇതിനു ഒരു പരിഹാരമുണ്ടാക്കിത്തരാമെന്നു ഈ നിയമസഭയ്ക്കു ഉറപ്പു തന്നിരിക്കുന്നതുകൊണ്ടു് ഞാൻ ഈ പ്രമേയം പ്രസ്സ് ചെയ്യണമെന്നുദ്ദേശിക്കുന്നില്ല.

മിസ്റ്റർ പി. വി. റാഫേൽ: ഞാൻ പറഞ്ഞതു ഇതിനെക്കുറിച്ചു് വളരെ ഗാഢമായി ഗവൺമെണ്ടു് ആലോചിക്കുന്നുണ്ടെന്നാണു്. പരിഹാരം ഉണ്ടാക്കിത്തരാമെന്നു ഉറപ്പു പറഞ്ഞിട്ടില്ല.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: ആലോചിക്കാമെന്നു പറഞ്ഞിട്ടുള്ളതു് ഒരുപക്ഷെ യുക്തം കഴിയുന്നതുവരെ ഈ സംഗതി ആലോചനാവിഷയമായിട്ടതന്നെ ഇരിക്കുകയില്ലെ?

മിസ്റ്റർ പി. വി. റാഫേൽ: അങ്ങിനെയൊന്നുമല്ലല്ലൊ ഇതുവരെ കണ്ടിട്ടുള്ളതു്. ഡിയർനസ്സ് അലവൻസ്സ് വക. കൊടുക്കണമെന്നു പറഞ്ഞതു് ഇപ്പോൾ ക്ഷ ൎക. വരെ കൊടുക്കുന്നുണ്ടു്.

The Government always went ahead of you in all these things and you need not be anxious about all that.

മിസ്സിസ് തങ്കമ്മ എൻ. മേനോൻ: ഞാൻ ഈ പ്രമേയം ഇവിടെ പ്രസ്സ് ചെയ്യുന്നു.

Resolution put and carried

LIBRARY ARCHIVES Kerala Legislative Assembly